Page 1 of 2

(സി) സൈറ്റിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ പുതുക്കിയ ഡിസൈൻ തയ്യാറാക്കി. അതനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് മറ്റു നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

## കാക്കടവിലെ താൽക്കാലിക തടയണ

203 (844) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കാക്കടവിൽ നേവൽ അക്കാദമി സി.ആർ.പി.എഫ്. ക്യാമ്പ് എന്നിവയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് വേനൽക്കാലത്ത് നിർമ്മിക്കുന്ന താൽക്കാലിക തടയണ ഒലിച്ച് പോയി വർഷങ്ങളായി സാമ്പത്തിക നഷ്ടമുണ്ടാക്കുന്നത് പരിഹരിക്കുന്നതിന് ശാശ്വത നടപടികൾ അടിയന്തരമായി ആരംഭിക്കുമോ ?

## ഉത്തരം

കാസർഗോഡ് ജില്ലയിലെ കാക്കടവിൽ സ്ഥിരമായ കോൺക്രീറ്റ് തടയണ നിർമ്മിക്കുന്നതിന് 1000 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ചു. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. 26-6-2014-ലേക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പ്രവൃത്തികൾ ചെയ്തു തീർക്കുന്നതോടുകൂടി ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വയനാട് ജില്ലയിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം

204 (845) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചെക്കുഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എവിടെയെല്ലാമാണ് ചെക്ക്ഡാമുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## ഉത്തരം

(എ) വയനാട് ജില്ലയിൽ ജലസേചനവകുപ്പിനു കീഴിൽ നാളിതുവരെ ഏകദേശം 27-ഓളം ചെക്ക്ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 4 ചെക്ക് ഡാമുകളുടെ നിർമ്മാണം പുരോഗതിയിലാണ്. ഈ വർഷം അനുമതി നൽകിയ 5 ചെക്ക് ഡാമുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) പ്രത്യേക പഠനം നടത്തിയിട്ടില്ല. ഓരോ ചെക്ക് ഡാമും ആവശ്യകത അനുസരിച്ച് ജലലഭ്യത കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് നിർമ്മിക്കുന്നത്.

**ചമ്രവട്ടം റഗുലേറ്റർ -കം-ബ്രിഡ്ജ്**

**205 (846)** ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച സംബന്ധിച്ച് നിർമ്മാണത്തിലുണ്ടായ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ചുണ്ടായ ക്രമക്കേടിനെക്കുറിച്ച് അന്വേഷണം ഏതെങ്കിലും ഏജൻസി ഇതുവരെ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ അന്വേഷണം നടത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നാരംഭിച്ചു ; എപ്പോൾ പൂർത്തിയായി എന്നറിയിക്കുമോ ;

(ഇ) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ; എത്ര തവണ അടങ്കൽ തുക പുതുക്കി നൽകി ; ഉത്തരവുകളുടെ പകർപ്പ് നല്കുമോ ;

(എഫ്) പണി പൂർത്തീകരിച്ചപ്പോൾ ചെലവായ തുക എത്രയെന്ന് അറിയിക്കുമോ ;

(ജി) ഇതിന്റെ നിർമ്മാണം ഏത് കരാറുകാരനാണ് നടത്തിയത് ; നാളിതുവരെ എന്തു തുക കരാറുകാരന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പണി ആരംഭിച്ചതു മുതൽ പൂർത്തിയായതുവരെ നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചത് ആരൊക്കെ എന്ന് വിശദമാക്കുമോ ;

(ഐ) എത്ര കരാറുകാരാണ് ഈ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയത് ; ഏതൊക്കെ ഘട്ടങ്ങൾ ; പേരും വിലാസവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നല്കുമോ ;

(ജെ) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly